**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1794** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഒലിയപ്പുറം ജംഗ്ഷനിലെ വർദ്ധിച്ചുവരുന്ന അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിലെ ഒലിയപ്പുറം ജംഗ്ഷനിൽ ഗതാഗത സംവിധാനത്തിലെ പോരായ്മ മൂലം അപകടങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്ന് റോഡ് സുരക്ഷാ ഉദ്യോഗസ്ഥർ, പൊതുമരാമത്ത് (നിരത്ത്) വകുപ്പ് വിഭാഗം എഞ്ചിനീയർ, പ്രാദേശിക കൗൺസിലർമാർ തുടങ്ങിയവർ സംയുക്തമായി സ്ഥലം സന്ദർശിച്ച് റോഡ് സുരക്ഷാ വീഴ്ചകളും അതു മൂലമുള്ള അപകട സ്ഥിതിയും വിലയിരുത്തുകയുണ്ടായി.<br><br>സംയുക്ത പരിശോധനാസംഘം സ്ഥല പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന പ്രധാന റോഡ് സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തി:<br><br>• ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാർഗരേഖ പ്രകാരം ഒരു ജംഗ്ഷനിൽ അത്യാവശ്യമായ ദൂരക്കാഴ്ച പരിധിയില്ലുള്ള പരിമിതി.<br>• കവലയിലേക്ക് എത്തുന്ന വാഹനങ്ങൾക്ക് സമീപത്തുള്ള മറ്റ് റോഡുകളിൽ നിന്ന് വരുന്ന വാഹനങ്ങളെ കാണാൻ സാധിക്കാത്തതുമൂലം ഉള്ള പ്രശ്നങ്ങൾ.<br>• കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.<br>• പ്രധാന ജംഗ്ഷനിൽ തന്നെ സ്ഥിതി ചെയ്യുന്ന Auto സ്റ്റാൻഡ് മൂലം മറ്റു വാഹനങ്ങൾ വഴിമാറി സഞ്ചരിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ.<br>• നിലവിൽ ജംഗ്ഷനിൽ റോഡുകളുടെ മുൻഗണന ക്രമം തീരുമാനിക്കാത്തതിൽ ഉള്ള പ്രശ്നങ്ങൾ. |
| (ബി) | പ്രസ്തുത മേഖലയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികാളണ് | (ബി) | പ്രസ്തുത മേഖലകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ |

| | | | |
|---|---|---|---|
| | സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.<br>• ജംഗ്ഷനിലെ റോഡുകളുടെ മുൻഗണന ക്രമം തീരുമാനിച്ചു വേണ്ട സൈനുകളും റോഡ് മാർക്കിംഗും നടപ്പാക്കുക.<br>• ജംഗ്ഷൻ IRC മാനദണ്ഡങ്ങൾ അനുസരിച്ചു ഘടനാപരമായ മാറ്റങ്ങൾ വരുത്തുക.<br>• കവലയിലെ ദൂരക്കാഴ്ച പരിധിയിലുള്ള പരിമിതികൾ മാറ്റുക.<br>• കവലകളിൽ സ്ഥിതിചെയ്യുന്ന ഓട്ടോ സ്റ്റാൻഡ് മാറ്റി സ്ഥാപിക്കുക.<br>• കാൽനടക്കാർക്ക് വേണ്ട സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക.<br>• IRC മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വേഗത നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുക. |
| (സി) | പ്രസ്തുത മേഖലയിൽ വാഹനങ്ങളുടെ വേഗത കുറച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായി റോഡിൽ ഹംപ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രസ്തുത റോഡിൽ ബാരിക്കേഡ് ഉപയോഗിച്ച് സ്പീഡ് ബ്രേക്കേഴ്സ് നിർമ്മിച്ചിട്ടുള്ളതാണ്.<br>കൂടാതെ വാഹനങ്ങളുടെ നേർക്കുനേർ ഉള്ള കൂട്ടിയിടി ഒഴിവാക്കുന്നതിനായി triangle cones ഉപയോഗിച്ച് റോഡ് partition ചെയ്തിട്ടുണ്ട്.<br>കൂടാതെ റോഡ് മാർക്കിങ്ങും കൃത്യമായി ചെയ്തിട്ടുള്ളതാണ്. IRC മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വേഗത നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ